U3 - 67

# S S L C UNIT TEST - III
# ADISTHANA PADAVALI
## VERSION - A

Total Score : 20
Time : 45 Hr.

Score

1. ആ പ്രവൃത്തി ഒരു മുൻകൈയെടുക്കലായിപ്പോയി
അടിവരയിട്ടിരിക്കുന്ന ശൈലികളുടെ അർത്ഥമെന്ത് ? (1)

2. പരിത്യാജ്യം എന്ന പദത്തോട് ഏത് ശബ്ദം ചേർക്കുമ്പോഴാണ് ഒഴിവാക്കാനാവാത്തത് എന്ന അർത്ഥം ലഭിക്കുന്നത്?
സ്, ഉപ, ആ, അ (1)

3. കാലദേശാദികൾക്ക് അനുയോജ്യമായ പരിഷ്കാരം വേണമെന്ന് ആശയുള്ളവൻ എന്ന അർത്ഥം വരുന്ന പദം
അഭിജാതൻ
ഉദ്ധാരകൻ
അദ്വൈതി
ഉൽപതിഷ്ണു (1)

4. കേരളത്തെ ജാതിപ്പാളയത്തിൽ - നിന്നുയർത്തി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തുവെന്ന തുകൊണ്ടുതന്നെ അദ്ദേഹം നമുക്കെല്ലാവർക്കും പ്രാത: സ്മരണീയനാകുന്നു. അടിവരയിട്ട പദം കേരളത്തിന്റെ സാമൂഹികാവസ്ഥകളെ കുറിച്ച് എന്തെല്ലാം സൂചനകളാണ് നൽകുന്നത്? ($1^1/_2$)

5. മത്തായിയുടെ വീട്ടിൽ സകല വായും അടച്ചുപൂട്ടി മുദ്രവെച്ചിരിക്കുകയാണ്. കഥാസന്ദർഭത്തിൽ ഈ വാക്യം നൽകുന്ന സവിശേഷതയെന്ത്? ($1^1/_2$)

6. 'സൂക്ഷ്മമായ ജീവിത നിരീക്ഷണങ്ങൾ കൊണ്ട് വേറിട്ടു നിൽക്കുന്ന കഥയാണ് കോഴിയും കിഴവിയും' നിങ്ങളുടെനിരീക്ഷണങ്ങൾ സമർത്ഥിക്കുക. (3)

7. 'പ്രായം കൊണ്ട് കിഴവിയാണെങ്കിലും മനുഷ്യനന്മയുടെ ഉജ്വലതകൊണ്ട് പ്രകാശിക്കുന്ന കഥാപാത്രമാണ് കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ അമ്മ" കഥാപാത്രത്തെ വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക. (3)

8. "ജ്ഞാനസിദ്ധനും അതേസമയം കർമസിദ്ധനുമായിരുന്നു അദ്ദേഹം". ശ്രീനാരായണ ഗുരുവിനെ കുറിച്ച് കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ അഭിപ്രായമെന്ത്? വിശദീകരിക്കുക. (3)

9. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾക്ക് വർത്തമാനകാലത്തിലുള്ള പ്രസക്തി എന്ന വിഷയത്തിൽ താഴെ നൽകിയിരിക്കുന്ന സൂചനകൾ കൂടി പ്രയോജനപ്പെടുത്തി ഉപന്യാസം രചിക്കുക.
   - നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു
   - ജാതിയത തിരിച്ചുവരുന്നു
   - മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയമാണ് ഗുരു അവതരിപ്പിച്ചത്.
   - ഗുരു എതിർത്ത അന്ധവിശ്വാസങ്ങളും മൂഢാചാരങ്ങളും വീണ്ടും ജീവിതത്തിന്റെ ഭാഗമാകുന്നു. (5)